(സി) നിലവിലുള്ള സ്പെഷ്യൽ റൂൾസ് എല്ലാ സ്കൂളുകളിലെ നിയമനങ്ങൾക്കും ബാധകമാണ്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ഹയർ സെക്കന്ററി തലത്തിലെ തസ്തികകൾ

73 (5208) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി തലത്തിൽ മതിയായ തസ്തികകൾ സൃഷ്ടിക്കാത്തത് കാരണം വിദ്യാർത്ഥികൾക്ക് അദ്ധ്യായന സമയം നഷ്ടമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർ സെക്കന്ററി സ്പെഷ്യൽ റൂളിൽ പറയുന്ന ക്ലാർക്ക്, ലൈബ്രേറിയൻ, പ്യൂൺ, മിനിയൻ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തസ്തികകൾ എന്നത്തേയ്ക്ക് സൃഷ്ടിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിരം അദ്ധ്യാപകരില്ലാത്ത ഹയർ സെക്കന്ററി സ്കൂളുകളിൽ ദിവസവേതന വ്യവസ്ഥയിൽ അദ്ധ്യാപകരെ താൽക്കാലികമായി നിയമിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

ഹയർ സെക്കന്ററി വകുപ്പിൽ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിലേക്കുള്ള പ്രമോഷൻ മാനദണ്ഡങ്ങൾ

74 (5209) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിലേക്കുള്ള പ്രമോഷൻ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) അതുപ്രകാരം എല്ലാ വിഷയങ്ങളിലേയും ജൂനിയർ അദ്ധ്യാപകരുടെയും ഹൈസ്കൂൾ അദ്ധ്യാപകരുടെയും പ്രമോഷൻ നടപടികൾ ഏതു ഘട്ടത്തിലാണ് ;

(സി) എച്ച്.എസ്.എസ്.ടി.സീനിയർ (അറബിക്) പ്രമോഷൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly